പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1882 **26-10-2026-ൽ മറുപടിയ്ക്ക്**

തലശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ 69.88 കോടി രൂപയുടെ അംഗീകാരം നൽകി നടപ്പിലാക്കുന്ന തിരുവങ്ങാട്-ചമ്പാട് കോപ്പാലം തലശ്ശേരി റോഡ് പദ്ധതിയുടെ പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

മറുപടി: തിരുവങ്ങാട് - ചമ്പാട് റോഡിന് 3 റീച്ചുകളിലായി 5.487 കിലോമീറ്റർ നീളമാണുള്ളത്. നിലവിൽ ഈ റോഡിന് G.O (Rt) No.942/2017/PWD dated 10.07.2017 ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതിയും, 15-05-2020 തീയതിയിലെ കിഫ്ബി ധനാനുമതി ഉത്തരവ് നമ്പർ PWD015-77/APR-5/2020/KIIFB പ്രകാരം 69.79 കോടി രൂപയുടെ സാമ്പത്തീകാനുമതിയും ലഭിച്ചിട്ടുണ്ട്. കൂടാതെ റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 8.7 ലക്ഷം രൂപ കൂടി ചേർത്ത് 11-11-2021 തീയതിയിലെ കിഫ്ബി ധനാനുമതി ഉത്തരവ് നമ്പർ PWD015-77/APR-2/2021/KIIFB പ്രകാരം 69.88 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും കിഫ്ബി നൽകിയിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. റോഡ് നിർമ്മാണത്തിനായി KSEB, KWA ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 3 കോടി രൂപയും, സ്ഥലമേറ്റെടുപ്പിനായി 46.25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2.346 ഹെക്ടർ സ്ഥലവും അതിൽ ഉൾപ്പെട്ട കെട്ടിടങ്ങളുമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. 13.60 മീറ്റർ വീതിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഈ റോഡിൽ പേവിങ്ങ് ഷോൾഡർ അടക്കം 10 മീറ്റർ വീതിയിലാണ് ടാറിങ്ങ് നടത്തുന്നത്.

തിരുവങ്ങാട് ചമ്പാട് റോഡിൻറെ സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടിയുള്ള 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതിന് ശേഷം റെവെന്യു ഡിപ്പാർട്മെന്റുമായുള്ള സംയുക്ത പരിശോധന പൂർത്തീകരിക്കുകയുണ്ടായി. തുടർന്ന് 09-06-2024 തീയ്യതിയിൽ 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിന്നീട് സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 11(1) വിജ്ഞാപനം 25.01.2025 തീയ്യതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കെ ആർ എഫ് ബി യിൽ നിന്നും ലഭിച്ച വിവര പ്രകാരം തിരുവങ്ങാട് കോപ്പാലം ചമ്പാട് റോഡിൽ തിരുവങ്ങാട്, കോടിയേരി, പന്ന്യന്നൂർ എന്നീ 3 വില്ലേജുകളിലായി ഏകദേശം 900 കൈവശങ്ങൾ ആണ് വരുന്നത്. ഇതിൽ തിരുവങ്ങാട് വില്ലേജിൽ തിരുവങ്ങാട്, വയലളം എന്നീ ദേശങ്ങളും പന്ന്യന്നൂർ വില്ലേജിൽ ചമ്പാട്, പന്ന്യന്നൂർ എന്നീ ദേശങ്ങളും കോടിയേരി വില്ലേജിൽ കോടിയേരി, മൂഴിക്കര എന്നീ ദേശങ്ങളും, ആണ് ഉള്ളത്. നിലവിൽ കോടിയേരി വില്ലേജിൽ ഉൾപ്പെടുന്ന മൂഴിക്കര ദേശത്തിലെ 101 നിർമ്മിതികളുടെയും, തിരുവങ്ങാട് വില്ലേജിൽ തിരുവങ്ങാട് ദേശത്തിൽ ഉൾപ്പെടുന്ന

64 നിർമ്മിതികളുടെയും മഹസ്സറുകളാണ് കണ്ണൂർ കെ.ആർ.എഫ്.ബി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളത്. ആയതിൻറെ വില നിർണ്ണയം പുരോഗമിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഇനി സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> തിരുവങ്ങാട്, കോടിയേരി വില്ലേജുകളിൽ ഉൾപ്പെടുന്ന ബാക്കിയുള്ള നിർമ്മിതികളുടെ മഹസ്സറുകൾ ലാൻറ് അക്വിസിഷൻ തഹസിൽദാറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാകേണ്ടതുണ്ട് എന്നാണ കെ ആർ എഫ് ബി അറിയിച്ചിട്ടുള്ളത്. ആയത് ലഭ്യമാകുന്ന മുറക്ക് വാല്യുയേഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുവാൻ സാധിക്കുകയുള്ളൂ. ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തിയുടെ ടെൻഡർ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണെന്നാണ് കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ